**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** **05-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ഐ ബി സതീഷ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഫലമായി ഉന്നത വിദ്യാഭ്യാസം പണമുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നുവെന്ന ആശങ്ക നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ പുതിയ നയത്തിന്റെ ചുവടുപിടിച്ച് യു.ജി.സി. പുറത്തിറക്കിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധന വിധേയമാക്കിയിരുന്നോ; | (എ) | ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് വിശദമായ പഠനവും പരിശോധനയും പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി 6 അംഗ സമിതി നടത്തുകയും 'ദേശീയ വിദ്യാഭ്യാസ നയവും കേരളവും' എന്ന ശീർഷകത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുമുണ്ട്. കൂടാതെ 04/05/2022 ൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ധർ, വിവിധ യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലർമാർ, യൂണിവേഴ്സികളിലേയും കോളേജുകളിലേയും സർവ്വീസ് സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ദേശീയ വിദ്യാഭ്യാസ നയം 2020 -വും യു.ജി.സി നിർദ്ദേശങ്ങളും സംബന്ധിച്ച ശിൽപശാല സംഘടിപ്പിച്ചിരുന്നു. |
| (ബി) | അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സംവിധാനം എല്ലാ കോളേജുകളെയും സർട്ടിഫിക്കറ്റ് അനുവദിക്കാൻ അധികാരത്തോടുകൂടിയ സ്വയംഭരണ കോളേജുകൾ ആയി പരിവർത്തിപ്പിക്കാൻ നിർബന്ധിതമാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് നടപ്പിലാക്കുന്നത് മൂലം വിദ്യാഭ്യാസ രീതിയിലുണ്ടാകുന്ന സമൂലമായ മാറ്റങ്ങൾ ശിൽപശാലയിൽ ചർച്ച ചെയ്തിരുന്നു. ഇതു സംബന്ധിച്ച മേൽ നടപടികൾ പരിശോധിച്ചു വരുകയാണ്. |
| (സി) | നാല് വർഷ ബിരുദം ആരംഭിക്കുന്നതും ഏത് സമയവും കോഴ്സ് പൂർത്തിയാക്കാതെ പുറത്തുപോകാമെന്നതും അത്തരക്കാർക്ക് സർട്ടിഫിക്കറ്റോ ഡിപ്ലോമയോ ലഭിക്കുമെന്നതും താഴ്ന്ന വരുമാനക്കാർ കോഴ്സ് പൂർത്തിയാക്കാതെ കൊഴിഞ്ഞുപോകുന്ന നിരക്ക് വർദ്ധിപ്പിക്കാനിടയാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നയം തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ പ്രൊഫഷണൽ പ്രോഗ്രാമുകൾ മിക്കവാറും 4 വർഷ ദൈർഘ്യമുള്ളവയാണ്. 4 വർഷ ഡിഗ്രി കോഴ്സുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട്/ സിലബസ് യു.ജി.സി നിർദ്ദേശങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ സർവ്വകലാശാലകൾ രൂപകൽപ്പന ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലെ 3 വർഷ ബിരുദ പ്രോഗ്രാമുകൾ 4 വർഷ പ്രോഗ്രാമുകളായി യാന്ത്രികമായി മാറ്റാൻ കഴിയില്ല. ഇതിന് ആവശ്യമായ അക്കാദമിക് പശ്ചാത്തല സൗകര്യങ്ങൾ സർവ്വകലാ ശാലകളിലും കോളേജുകളിലും അധികമായി കണ്ടെത്തേണ്ടിവരും. |

| | | | |
|---|---|---|---|
| | | | ഇത് വിദ്യാർത്ഥികളുടെ പഠനചെലവ് വർദ്ധിക്കാനും പഠനം പൂർത്തീകരിക്കാതെയുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനും ഇടയാക്കിയേക്കാം. |

സെക്ഷൻ ഓഫീസർ